**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4054** **17-03-2025 - ൽ മറുപടിയ്ക്ക്**

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യമാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുള്ളതെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.എഫ്.ആർ.ഡി യുടെ എക്സിക്യൂട്ടിവ് കമ്മിറ്റി കൂടിയിട്ടില്ല. കൗൺസിൽ ഫോർ ഫുഡ് റിസെർച്ച് ആൻഡ് ഡെവലപ്മെന്റ് (CFRD) യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന്റെ ഭാഗമായി ഗവേർണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ 11.09.2024 ലെ G O (Rt) No. 303/2024/FCS പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സി.എഫ്.ആർ.ഡി.യുടെ പുരോഗതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുന്നോട്ടുവച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കൗൺസിൽ ഫോർ ഫുഡ് റിസെർച്ച് ആൻഡ് ഡെവലപ്മെന്റ് (CFRD) യുടെ കീഴീൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML), ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്റർ (FPTC), കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക് നോളജി (CFT-K) എന്നിവ പ്രവർത്തിച്ചു വരുന്നു. മൈക്രോ ബയോളജി, കെമിക്കൽ ഡിവിഷൻ എന്നിവയിൽ NABL accreditation ലഭിച്ചിട്ടുള്ളതും ഗുണനിലവാരം (Quality), ശുദ്ധത (Safety), പോഷകാഹാര മൂല്യം (Nutritional value) എന്നിവയുടെ പരിശോധനകൾ നടത്തിവരുന്നതുമായ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) നവീകരിക്കുന്നതിനും കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക് നോളജി (CFT-K)യുടെ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിനും സ്മാർട്ട് ക്ലാസ് മുറികളടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സി.എഫ്.ആർ.ഡി.യുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | (സി) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാർക്ക് വേണ്ടി ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്ററിൽ (FPTC) നടത്തി വരുന്ന പരിശീലനം പുനരാരംഭിക്കുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | ലാബോറട്ടി (FQML)യിൽ കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക് നോളജി (CFT-K) യിലെ വിദ്യാർത്ഥികൾക്ക് നല്കി വരുന്ന പരിശീലനത്തിനു പുറമേ മറ്റ് കോളജുകളിലെ വിദ്യാർത്ഥികൾക്കും പരിശീലനം നല്കുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യുമായി ബന്ധപ്പെട്ട അനാലിസിസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുമായുള്ള പദ്ധതികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ